**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 4849** — **01.07.2013 ൽ മറുപടിയ്ക്ക്**

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ലൂഡി ലൂയിസ്: | **ശ്രീ. ഉമ്മൻ ചാണ്ടി (ബഹു. മുഖ്യമന്ത്രി)** |
| (എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും കഴിഞ്ഞ രണ്ട് വർഷം എത്ര പേർക്ക് സഹായം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രിയുടെ സഹായനിധിയിൽ നിന്നും ഏകദേശം **190795** പേർക്ക് സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട്. |
| (ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ? | (ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി വർദ്ധിപ്പിക്കുന്നതിന് മുഖ്യമന്ത്രി നേരിട്ട് സഹായഭ്യർത്ഥന പുറപ്പെടുവിക്കുകയുണ്ടായി. കൂടാതെ പത്രമാധ്യമങ്ങളിലും ദൃശ്യമാദ്ധ്യമങ്ങളിലും പരസ്യം നൽകി നിധിയിലേക്ക് സംഭാവന ലഭ്യമാക്കിയിരുന്നു. ഇതിനു പുറമെ, ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളോട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ട്രഷറർ ആയ ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി കത്ത് മുഖേന ധനസഹായം അഭ്യർത്ഥിച്ചിരുന്നു. അതിൻപ്രകാരം നിധിയിലേക്ക് സംഭാവന ലഭിക്കുന്നുമുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും സാമ്പത്തിക സഹായം അനുവദിക്കാൻ തുകയില്ലാതെ വരുമ്പോൾ സർക്കാർ ആവശ്യാനുസരണം നിധിയിലേക്ക് തുക അനുവദിക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ.**